## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6323** **20.11.2019-ൽ മറുപടിക്ക്**

### സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് മിനിമം വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>,, എം. വിൻസെന്റ്<br>,, സണ്ണി ജോസഫ്<br>,, അനൂപ് ജേക്കബ് : | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>തൊഴിലും എക് സൈസും വകുപ്പ് മന്ത്രി |
| (എ) എല്ലാ മേഖലയിലും മിനിമം വേതനം ഉറപ്പാക്കുമെന്ന് തൊഴിൽനയത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് ഇത് നടപ്പിലാക്കിയിട്ടുണ്ടോ;<br>(ബി) സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് മിനിമം വേതനം നൽകുന്നതിനുള്ള കരട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ് പുറപ്പെടുവിച്ചത്; വ്യക്തമാക്കുമോ; | (എ) യും (ബി) യും ഉണ്ട്. സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികളെ മിനിമം വേതന നിയമത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തുകയും പ്രസ്തുത മേഖലയിൽ മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് കരട് പ്രാഥമിക വിജ്ഞാപനം 28.07.2016-ലെ 20549/ഇ 1/2015/തൊഴിൽ നമ്പരായി പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ മേൽ വിജ്ഞാപനം ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തിരുന്നതിനാൽ അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കാൻ സാധിച്ചിരുന്നില്ല. |
| (സി) അന്തിമ വിജ്ഞാപനം ഇറക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;<br>(ഡി) അന്തിമ വിജ്ഞാപനം അടിയന്തരമായി ഇറക്കി സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് മിനിമം വേതനം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | (സി) യും (ഡി) യും സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ മിനിമം വേതനം നിശ്ചയിക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനത്തിനെതിരെ ഫയൽ ചെയ്യപ്പെട്ട W.P.(C)26803/2017/(A) നമ്പർ കേസിൽ 12.03.2016-ലെ ഇടക്കാല ഉത്തരവിൻ പ്രകാരം മിനിമം വേതനം നിശ്ചയിച്ചുകൊണ്ട് പുറപ്പെടുവിച്ച പ്രാഥമിക വിജ്ഞാപനം ബഹു.ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുകയായിരുന്നു. എന്നാൽ കരട് |

വിജ്ഞാപനത്തിൽ ചില ഭേദഗതികൾ നിർദ്ദേശിച്ചു കൊണ്ട് സ്റ്റേ ഒഴിവാക്കി ബഹു.ഹൈക്കോടതി 14.11.2019-ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേൽ പരിശോധന നടത്തി അന്തിമ തീരുമാനം കൈക്കൊള്ളുന്നതാണ്.

സെക്ഷൻ ഓഫീസർ